


# മാതൃഭൂമി





2004 ഡിസംബർ 27 തിങ്കൾ
1180 ധനു 12

Mathrubhumi, The National Daily in Malayalam

Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Mumbai ◆ Chennai ◆ Bangalore

കോഴിക്കോട് ◆ പേജ് 16 + 8 (Tabloid) ◆ വില രൂപ 3.25

www.mathrubhumi.com


## ദക്ഷിണേഷ്യയിൽ 11,300പേർ മരിച്ചു

# സമുദ്രകോപം

### 'സുനാമി' എന്ന പ്രതിഭാസം

- ഇന്ത്യയിൽ 3500 പേർ മരിച്ചു
- ശ്രീലങ്കയിൽ മരണസംഖ്യ 4300
- തമിഴ്നാട്ടിൽ മരിച്ചത് 2,000 പേർ
- നാല്പത് വർഷത്തിനിടയിലെ ഏറ്റവും വലിയ ഭൂകമ്പം
- പ്രഭവകേന്ദ്രം ഇൻഡൊനീഷ്യയിലെ സുമാത്ര



ഞായറാഴ്ച കടൽ വിഴുങ്ങിയ ചെന്നൈ മറീനാബീച്ച് - എ.എഫ്.പി.




- കേരളത്തിൽ മരണസംഖ്യ നൂറിലേറെ
- ആന്തമാൻ ദ്വീപുകൾ ഒറ്റപ്പെട്ടു: വ്യോമസേനാ താവളം ഒഴുകിപ്പോയി

## കേരളത്തിൽ മരിച്ചവർ 123

സ്വന്തം ലേഖകന്മാർ

**തിരുവനന്തപുരം:** ഇന്തോനേഷ്യയിലെ ഭൂകമ്പത്തെ തുടർന്നുണ്ടായ കടൽക്ഷോഭം കേരളത്തിൽ നൂറിലേറെ ജീവൻ അപഹരിച്ചു.

കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ വ്യാപകമായി നാശനഷ്ടമുണ്ടായി. നൂറുകണക്കിന് വീടുകൾ തകർന്നു. മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടമായി. നിരവധിപേരെ കാണാതായിട്ടുണ്ട്. കൊല്ലം ജില്ലയിൽ 97-ഉം ആലപ്പുഴയിൽ 21-ഉം പേർ മരിച്ചു. എറണാകുളത്ത് നാലും കണ്ണൂരിൽ ഒന്നും വീതം ജീവൻ നഷ്ടപ്പെട്ടു. സംസ്ഥാനത്തിൻെറ പലഭാഗത്തുനിന്നായി 121 പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തതായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. കൊല്ലത്ത് 97-ഉം ആലപ്പുഴയിൽ 20-ഉം എറണാകുളത്ത് നാലും മൃതദേഹങ്ങളാണ് കണ്ടെത്തിയത്.

കരുനാഗപ്പള്ളി, ചെറിയഴീക്കൽ, ഓച്ചിറ, ആലപ്പാട് പ്രദേശങ്ങളാണ് രൂക്ഷമായ കടലാക്രമണം നേരിട്ടത്. ആലപ്പാട് പഞ്ചായത്ത് പൂർണമായി തകർന്നു. ജില്ലയിൽ ആയിരത്തിലേറെ വീടുകൾ നശിച്ചു. നൂറുകണക്കിന് പേർക്ക് പരിക്കേറ്റു. ഇതിൽ നാലുപേരെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തീരപ്രദേശത്തെയും സമീപജില്ലകളിലെയും ആശുപത്രികളെല്ലാം പരിക്കേറ്റവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. എത്രപേരെ കാണാതായിട്ടുണ്ടെന്ന് ഇപ്പോഴും വ്യക്തമല്ല.

മത്സ്യബന്ധനബോട്ടുകളും നിരവധി വാഹനങ്ങളും തകർന്നു. ചില പ്രദേശങ്ങളിൽ കരയിലേക്ക് ഒരു കിലോമീറ്ററോളം ദൂരത്തിൽ കടൽവെള്ളം ഇരച്ചുകയറി. രാവിലെ 10.37-നാണ് കടൽവെള്ളം ആദ്യം ഇരച്ചുകയറിയത്. അരമണിക്കൂർ ഇടവിട്ട് ഈ പ്രതിഭാസം ആവർത്തിച്ചുകൊണ്ടിരുന്നു.



മരണതീരത്ത്.......ആലപ്പാട്ട് കടൽകയറിയുണ്ടായ ദുരന്തത്തിൽപ്പെട്ടവരുടെ മൃതദേഹങ്ങൾ ആസ്പത്രിയിൽ

| | | |
|---|---|---|
| കൊല്ലം | - | 97 |
| ആലപ്പുഴ | - | 21 |
| എറണാകുളം | - | 4 |
| കണ്ണൂർ | - | 1 |

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ 17-ഉം ചേർത്തലയിലെ അന്ധകാരനഴിയിൽ മൂന്നുപേരുമാണ് മരിച്ചത്. പെരുമ്പള്ളി, പറയിൽക്കടവ്, വലിയഴീക്കൽ എന്നീ തീരദേശഗ്രാമങ്ങൾ ഇല്ലാതായി. 50 വീട് കടലെടുത്തു. 500 എണ്ണം തകർന്നു. 50-ഓളം പേരെ കാണാതായി. നിരവധിപേർക്ക് പരിക്കുണ്ട്. തോട്ടപ്പള്ളി സ്പിൽവേയുടെ മൂന്ന് ഷട്ടറുകൾ തകർന്നു. ഇതോടെ അപ്പർ കുട്ടനാട്ടിലേക്ക് ശക്തമായി വെള്ളം കയറി ബണ്ടുകളും തകർന്നു. ഈ പ്രദേശത്തെ നെൽകൃഷി മുഴുവൻ ഭീഷണിയിലാണ്. രാവിലെ 11 മണിയോടെയാണ് ഇവിടെ ശക്തമായ കടൽക്ഷോഭം അനുഭവപ്പെട്ടത്.

എറണാകുളം ജില്ലയിലെ എടവനക്കാട് രണ്ട് കുട്ടികളുൾപ്പെടെ നാലുപേർ മരിച്ചു. ഏഴുമാസവും നാലുവയസും പ്രായമുള്ള കുട്ടികളാണ് മരിച്ചത്. രണ്ടായിരത്തിലേറെ വീടുകൾക്ക് കേടുപറ്റി. ആയിരത്തോളം പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. തോപ്പുംപടി, മുനമ്പം തുറമുഖങ്ങളിലെ അമ്പതോളം ബോട്ടുകൾ ഒലിച്ചുപോയി.

തിരുവനന്തപുരത്ത് വിഴിഞ്ഞത്ത് 450-ഓളം കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചു. തീരദേശത്തെ കുടിലുകളിൽ വെള്ളം കയറി.

തൃശ്ശൂരിൽ ആറുപേർക്ക് പരിക്കേറ്റു. അഴീക്കോട്, ചാവക്കാട്, വാടാനപ്പിള്ളി പ്രദേശങ്ങളിലാണ് കടൽ ക്ഷോഭിച്ചത്. അഴീക്കോട് രണ്ട് കിലോമീറ്റർ ഉള്ളിൽവരെ വെള്ളം കയറി. 1200 കുടുംബങ്ങളെ മാറ്റി താമസിപ്പിച്ചു.

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ നാല് മത്സ്യബന്ധന ബോട്ടുകൾ തകർന്നു. പൊന്നാനി അഴിമുഖം അല്പനേരം വറ്റിവരണ്ടതായി മത്സ്യത്തൊഴിലാളികൾ പറഞ്ഞു. നിരവധി തോണികൾ തകർന്നിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ പുതിയാപ്പയിൽ മൂന്നുപേരെ കടലിൽ കാണാതായി. ബേപ്പൂർ, ചോമ്പാല, എലത്തൂർ ചെട്ടിക്കുളം എന്നിവിടങ്ങളിലും രൂക്ഷമായ കടലാക്രമണമുണ്ടായി. നിരവധി ബോട്ടുകൾ തകർന്നു.

കണ്ണൂരിൽ മുഴുപ്പിലങ്ങാട് കടൽത്തീരത്ത് ഒരാൾ കുഴഞ്ഞുവീണ് മരിച്ചു. തലശ്ശേരിയിൽ ഒരാൾക്ക് പരിക്കേറ്റു. കാസർകോട് ജില്ലയിൽ ചെറുവത്തൂർ മടക്കരയിൽ രാവിലെ 11 മണിയോടെ അഴിമുഖം വഴി പുഴയിലേക്ക് തിരമാലകൾ അടിച്ചുകയറി.


കൂടുതൽ ചിത്രങ്ങളും വാർത്തകളും 12, 13, 14, 15 പേജുകളിൽ

സുനാമികൾ കടലിലെ കാലൻ - പേജ് 4


## ജാഗ്രത പാലിക്കണം

**തിരുവനന്തപുരം:** കടൽ പ്രക്ഷുബ്ധമായ സാഹചര്യത്തിൽ ഏതാനും ദിവസത്തേക്ക് മത്സ്യബന്ധനത്തിന് കടലിൽ പോകരുതെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകി. കടൽ ശാന്തമായതായി തോന്നിയാലും തുടർചലനങ്ങളുടെ ഫലമായി കൂറ്റൻ തിരമാലകൾ ഇനിയും ഉണ്ടാവാം. കടൽത്തീരത്ത് പോകുന്നതും ഒഴിവാക്കണം.

### കോഴിക്കോട്ട് പ്രത്യേക കൺട്രോൾ റൂം

**കോഴിക്കോട്:** കടൽക്ഷോഭത്തെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക കൺട്രോൾ റൂമുകൾ തുറന്നു. താലൂക്ക് ഓഫീസിലും (2723930) കളക്ടറേറ്റിലും (370518) ആണ് കൺട്രോൾ റൂമുകൾ തുറന്നത്. ബേപ്പൂർ ഫിഷറീസ് കൺട്രോൾ റൂമിൻെറ പ്രവർത്തനവും 24 മണിക്കൂറാക്കി. (414074, 9447141186). 16 അഭയാർഥി ക്യാമ്പുകളും തുറന്നിട്ടുണ്ട്.

### ◆ കാകദൃഷ്ടി ◆



കേരളം കത്തുമെന്ന് പറഞ്ഞ ആരും ഇപ്പോൾ എവിടെയുണ്ടെന്നറിഞ്ഞിരുന്നെങ്കിൽ...

## സാന്ത്വനവുമായി മാതൃഭൂമി

**കൊ**ടുംനാശം വിതച്ച ഞായറാഴ്ചത്തെ കടൽക്ഷോഭം കണ്ണീരിലാഴ്ത്തിയത് പതിനായിരങ്ങളെയാണ്. കരൾ പിളരുന്ന കാഴ്ചകളായിരുന്നു നമ്മുടെ തീരദേശങ്ങളിൽ. ആയിരക്കണക്കിനാളുകൾ മരിച്ചു, നിരവധി പേരെ കാണാതായി. എല്ലാം നഷ്ടപ്പെട്ടവരുടെ നിലവിളികൾ ഒടുങ്ങുന്നില്ല.

ഈ സങ്കടകാലത്ത് ദുരന്തത്തിൻെറ മുറിപ്പാടുകൾ ഉണക്കാൻ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. ദുരന്തത്തിനിരയായവർക്ക് സഹായമെത്തിക്കുകയെന്ന ധാർമ്മികചുമതല നിർവഹിക്കാൻ 'മാതൃഭൂമി'യും രംഗത്തിറങ്ങുന്നു. അതിൻെറ ഭാഗമായി 'മാതൃഭൂമി' ഒരു പ്രത്യേക സഹായനിധി സ്വരൂപിക്കുകയാണ്. മരിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുകയും ദുരിതബാധിതർക്ക് ആശ്വാസമെത്തിക്കുകയുമാണ് ഇതിൻെറ മുഖ്യലക്ഷ്യം. നിധിയിലേക്ക് മനുഷ്യസ്നേഹികളായ മുഴുവൻ പേരുടെയും ഉദാരമായ സഹായം അഭ്യർത്ഥിക്കുന്നു.

സംഭാവന പണമായോ, മാതൃഭൂമി പ്രിൻറിങ് ആൻഡ് പബ്ലിഷിങ് കമ്പനി ലിമിറ്റഡിൻെറ പേരിലെടുത്ത ചെക്കായോ ഡ്രാഫ്റ്റായോ മാതൃഭൂമിയുടെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശൂർ, കണ്ണൂർ, കോട്ടയം, മലപ്പുറം, കൊല്ലം, പാലക്കാട്, മുംബൈ, ചെന്നൈ, ബാംഗ്ലൂർ, യൂണിറ്റുകളിൽ എത്തിക്കാവുന്നതാണെന്ന് മാനേജിങ് ഡയറക്ടർ അറിയിക്കുന്നു.


